**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 409** **08-10-2024 - ൽ മറുപടിയ്ക്ക്**

**ട്രഷറി നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ സ്വീകരിക്കുന്ന നടപടിക്രമമാണ്. അത്തരം നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 5 ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഓരോ സാമ്പത്തിക വർഷവും സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കരാറുകാരുടെയും എത്ര തുകയുടെ ബില്ലുകളാണ് ട്രഷറി നിയന്ത്രണത്താൽ കെട്ടിക്കിടക്കുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ ; | (ബി) | ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാന ദിവസങ്ങളിൽ സമർപ്പിക്കപ്പെടുന്നതും എന്നാൽ ട്രഷറി ഓഫീസർമാർക്ക് സമയപരിമിതി മൂലം ആവശ്യമായ scrutiny ആ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ സാധിക്കാതെ വരുന്നതിന്റെ ഫലമായി പാസാക്കുവാൻ കഴിയാതെ വരുന്നതുമായ ബില്ലുകൾ തൊട്ടടുത്ത സാമ്പത്തിക വർഷം process ചെയ്യുവാൻ സാധിക്കുംവിധം നിർദ്ദേശങ്ങൾ സാധാരണയായി ഓരോ വർഷവും പുറപ്പെടുവിക്കാറുണ്ട്. |
| (സി) | കെട്ടിക്കിടക്കുന്ന ബില്ലുകളിലെ തുക എപ്പോൾ മാറി നൽകുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | (സി) | ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാന ദിവസങ്ങളിൽ സമർപ്പിക്കപ്പെടുന്നതും എന്നാൽ ട്രഷറി ഓഫീസർമാർക്ക് സമയപരിമിതി മൂലം ആവശ്യമായ scrutiny ആ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ സാധിക്കാതെ വരുന്നതിന്റെ ഫലമായി പാസാക്കുവാൻ കഴിയാതെ വരുന്നതുമായ |

| | | | |
|---|---|---|---|
| | | | ബില്ലുകൾ തൊട്ടടുത്ത സാമ്പത്തിക വർഷം process ചെയ്യുവാൻ സാധിക്കുംവിധം നിർദ്ദേശങ്ങൾ സാധാരണയായി ഓരോ വർഷവും പുറപ്പെടുവിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ